**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3488** **08-10-2025 - ൽ മറുപടിയ്ക്ക്**

**ലേബർ ഇൻസ്പെക്ടർമാർ നടത്തിയ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 വർഷത്തിൽ സംസ്ഥാനത്ത് ലേബർ ഇൻസ്പെക്ടർമാർ നടത്തിയ പരിശോധനകളുടെ കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തങ്ങളുടെ അധികാരപരിധിയിൽ Routine സ്ഥാപന പരിശോധനകളും നടത്തിവരികയും, കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. 1960 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, 1948 ലെ മിനിമം വേതന നിയമം, 1961 ലെ മെറ്റേണിറ്റി ബെനിഫിറ്റ് നിയമം, 1936 ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1961 ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1986 ലെ ചൈൽഡ് ലേബർ നിയമം, 1970 ലെ കരാർ തൊഴിലാളി നിയമം, 1976 ലെ ഈക്വൽ റെമ്യൂനറേഷൻ നിയമം, 1976 ലെ ഇതര സംസ്ഥാന തൊഴിലാളി നിയമം, 1978 ലെ ചുമട്ടു തൊഴിലാളി നിയമം, 1958 ലെ നാഷണൽ ഫെസ്റ്റിവൽ ഹോളിഡേയ്സ് നിയമം തുടങ്ങിയ തൊഴിൽ നിയമങ്ങൾ പ്രകാരം 2024-25 വർഷത്തിൽ 50,412 പരിശോധനകൾ തൊഴിൽ വകുപ്പ് മുഖേന നടത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ പാലക്കാട് ജില്ലയിൽ ഏതെല്ലാം റിപ്പോർട്ടിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ 2024-25 വർഷം 3492 പരിശോധനകൾ നടത്തിയിട്ടുണ്ട്. എല്ലാ പരിശോധനകളിലും പാലക്കാട് ജില്ലയിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. പരിശോധനയെ തുടർന്ന് എല്ലാ സ്ഥാപനങ്ങൾക്കും നിയമ ലംഘനങ്ങൾ പരിഹരിക്കുന്നതിന് പരിശോധനാക്കുറിപ്പ് നൽകിയിട്ടുണ്ട്. നിയമ ലംഘനങ്ങൾ നിശ്ചിത സമയത്ത് പരിഹരിക്കാത്ത 24 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും 2 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിമും ഫയൽ |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. 228 സ്ഥാപനങ്ങൾക്കെതിരെ തുടർനടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇതിൽ എത്ര വിഷയങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ? | (സി) | 3238 ഫയലുകളിൽ നിയമലംഘനങ്ങൾ പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ